പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2203 10.10.2011- ലെ മറുപടി

കെ.എസ്.ആർ.ടി..സി.യെ പുനരുദ്ധരിക്കാൻ പദ്ധതികൾ

ചോദ്യം ഉത്തരം

ശ്രീ. എളമരം കരീം

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാരുണ്ട് ; | (എ) | സ്ഥിരം ജീവനക്കാർ - 28,724<br>താൽക്കാലിക ജീവനക്കാർ - 12,582 |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ നഷ്ടം വരുന്നതിനുള്ള കാരണങ്ങൾ എന്താണ് ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തന ചെലവിലും, ഭരണപരമായ നടത്തിപ്പ് ചെലവിൽ വന്ന വർദ്ധനവും, ഇന്ധനം, സ്പെയർ പാർട്സ് തുടങ്ങിയവയിലുണ്ടായ വില വർദ്ധനവും, വരവ്-ചെലവുകൾ തമ്മിലുള്ള അന്തരം വർദ്ധിക്കാൻ ഇടയാക്കി. |
| (സി) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (സി) | വരുമാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കിലോമീറ്റർ പ്രതി വരുമാനം 20 രൂപയ്ക്ക് താഴെയുള്ള 540 ഷെഡ്യൂളുകൾ ഇതിനകം പുനക്രമീകരിച്ചിട്ടുണ്ട്. ഇതിലൂടെ പുനക്രമീകരിച്ച സർവ്വീസുകൾക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടുതൽ വരുമാനം ലക്ഷ്യമിട്ട് പ്രതിവർഷം 1000 പുതിയ ബസ്സ് നിരത്തിലിറക്കി ശരാശരി 600 ഓളം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. യാത്രക്കാരുടെ സൗകര്യാർത്ഥവും വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കുമായി ഓൺലൈൻ റിസർവ്വേഷൻ സൗകര്യം വ്യാപകമാക്കുന്നതിനും ഉദ്ദേശമുണ്ട്. ടിക്കറ്റിതര വരുമാനം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സിയുടെ ഒട്ടേറെ ഡിപ്പോകളിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി ദീർഘദൂര, അന്തർ സംസ്ഥാന ദീർഘദൂര സർവ്വീസുകളുടെ പഴയ ബസ്സുകൾ മാറ്റി പുതിയ സൂപ്പർ എക്സ്പ്രസ്സ് എയർ ബസ്സ് നൽകി കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ കെ.എസ്.ആർ.ടി.സിയുടെ വരുമാനം മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | 2006 - 07 മുതൽ 2010 - 11 വരെ ഓരോ വർഷവും കെ.എസ്.ആർ.ടി.സി. ക്ക് നൽകിയ തുകകൾ എത്രയാണെന്ന് വ്യക്തമാക്കാമോ:; | (ഡി) | 2006-07 മുതൽ 2010-11 വരെ സർക്കാർ കെ.എസ്.ആർ.ടി.സി ക്ക് മൂലധന നിക്ഷേപയിനത്തിലും, വായ്പായിനത്തിലും നൽകിയ തുകയുടെ വിവരങ്ങൾ താഴെ പറയുന്നു. |

| മൂലധന നിക്ഷേപം | | സർക്കാർ വായ്പ |
|---|---|---|
| 2006-07 | 5കോടി | 67 കോടി |
| 2007-08 | 2.70 കോടി | 93.63 കോടി |
| 2008-09 | 25 കോടി | 85.50 കോടി |
| 2009-10 | 15 കോടി | 105 കോടി |
| 2010-11 | 42 കോടി | 160 കോടി |
| ആകെ | 89.70 കോടി | 511.13 കോടി |

| | | | |
|---|---|---|---|
| (ഇ) | 2011 - 12 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.ക്ക് വക കൊള്ളിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഇ) | 2011-12 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സിക്ക് മൂലധന നിക്ഷേപയിനത്തിൽ 42 കോടി രൂപയും സർക്കാർ വായ്പായിനത്തിൽ 40 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ ബഡ്ജറ്റിന്റെ മെമ്മോറാണ്ടം ഓഫ് ആൾട്രേഷനിൽ 100 കോടി രൂപകൂടി ഉൾപ്പെടുത്തി മൊത്തം 140 കോടി രൂപ സർക്കാർ വായ്പ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (എഫ്) | കെ.എസ്.ആർ.ടി.സി. ഈ വർഷം എത്ര ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (എഫ്) | കെ.എസ്.ആർ.ടി.സി ഈ വർഷം 1,000 ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ